**POLICE** **KERALA** **DEPARTMENT**

**No. E2(a)-27054/2018/R**
District Police Office,
Thrissur Rural
sptsrrl.pol@kerala.gov.in
04872361000
Dated. 23-08-2018

**ലേല പരസ്യം**

തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും തൃശ്ശൂർ ജില്ലാ സായുധസേന കമാണ്ടന്റിന്റെകാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതും പോലീസ് ഡിപ്പാർട്ട്മെന്റിന് ഉപയോഗ്യമല്ലാത്തതുമായ ടയർ, ട്യൂബ്, ഫ്ലാപ് എന്നിവ 14-09-2018 തിയ്യതി പകൽ 11 മണിക്ക് പ്രസ്തുത കാര്യാലയത്തിൽവെച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വില്പന നടത്തുന്നതാണ്.

| ക്രമ. നമ്പർ | ഇനം | നിരതദ്രവ്യം |
|---|---|---|
| 1 | ടയർ, ട്യൂബ്, ഫ്ലാപ് | 30400/- രൂപ |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യ സമയത്ത് ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് മേൽപറഞ്ഞ ഇനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം കൊള്ളാത്തവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.

ടി ഇനങ്ങൾ വാങ്ങാൻ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ 11-09-2018 തിയ്യതി വൈകുന്നേരം 4 മണിക്ക് മുമ്പായി തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കേണ്ടതാണ്. ദർഘാസിനൊപ്പം ഓരോ ഇനത്തിനും നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയ ഡിമാൻഡ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ് എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതും ഓരോ ഇനത്തിനും ദർഘാസുകൾ പ്രത്യേക കവറുകളിൽ അയക്കേണ്ടതുമാണ്.

ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം/ടെണ്ടർ സംഖ്യയുടെ പകുതി തുക (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ ലേല സ്ഥലത്ത് വെച്ചുതന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമായ വില്പന നികുതിയും അടച്ച് സ്വന്തം ഉത്തരവാദിത്തത്തിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

ലേലം കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം നടത്തുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിനു ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയാകുന്നതും നഷ്ടപ്പെട്ട സംഖ്യ ടിയാനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്. പുനർലേലത്തിൽ കൂടുതൽ സംഖ്യ ലഭിച്ചാൽ ടിയാൻ ആയതിന് അവകാശി ആയിരിക്കുന്നതല്ല. ലേല വസ്തുക്കൾ ലേലത്തിനു മുമ്പുള്ള പത്ത് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള പ്രവൃത്തിസമയങ്ങളിൽ തൃശ്ശൂർ ജില്ലാ സായുധസേന ക്യാമ്പിൽ ഡെപ്യൂട്ടി കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം /ദർഘാസ് വില്പന അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

M K Pushkaran IPS
District Police Chief

Copy To : സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം (ആമുഖപത്രം സഹിതം). അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ഉത്തരമേഖല, കോഴിക്കോട് (ആമുഖപത്രം സഹിതം). പോലീസ് ഇന്സ്പെ ക്ടർ ജനറൽ, തൃശ്ശൂർ റേഞ്ച്, തൃശ്ശൂർ (ആമുഖപത്രം സഹിതം). സൂപ്രണ്ട്, ഗവണ്മെന്റ് പ്രസ്സ്, തിരുവനന്തപുരം (ആമുഖപത്രം സഹിതം). ഡയറക്ടർ, പബ്ലിക് റിലേഷന്സ് വകുപ്പ് (ആമുഖപത്രം സഹിതം). എല്ലാ സോണൽ അഡീഷണൽ പോലീസ് ഡയറക്ടർ ജനറല്മാഹര്ക്കും അറിവിലേക്കായി. പോലീസ് ഇന്സ്പെ ക്ടർ ജനറൽ, എ.പി . ബറ്റാലിയൻ, റേഞ്ച് പോലീസ് ഇന്സ്പെ ക്ടർ ജനറല്മാീര്ക്കും അറിവിലേക്കായി. തൃശ്ശൂർ റൂറലിലെ എല്ലാ പോലീസ് ഓഫീസര്മാ്ര്ക്കും അറിവിലേക്കും പ്രചാരണത്തിനും. എല്ലാ പോലീസ് മേധാവികള്ക്കും / കമ്മീഷണര്മാ്ര്ക്കും / കമാണ്ടന്റ്മാര്ക്കുംമ അറിവിലേക്കും പ്രചാരണത്തിനും.